# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1387    13.12.2012 - ൽ മറുപടിയ്ക്ക്

## കൺസ്ട്രക്ഷൻ കോർപ്പറേഷൻ വഴി നടത്തുന്ന പ്രവൃത്തികൾ

| **ചോദ്യം**<br>പ്രൊഫ. സി. രവീന്ദ്രനാഥ് | **ഉത്തരം**<br>**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ വഴി നടത്താൻ തീരുമാനിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ; അതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; | (എ) അനുബന്ധം 'എ' യിൽ ചേർത്തിട്ടുണ്ട്. 8225.80 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ബി) ഈ വർക്കുകൾ കൺസ്ട്രക്ഷൻ കോർപ്പറേഷൻ നേരിട്ടാണോ നടത്തുന്നത് ; അല്ലെങ്കിൽ ഇത്തരം വർക്കുകൾ കോർപ്പറേഷൻ നടത്തുന്നത് ഏത് രീതിയിലാണ് ; വിശദമാക്കാമോ ; | (ബി) അല്ല. ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തോടെ യോഗ്യരായ കരാറുകാരെ കൊണ്ടാണ് പ്രവൃത്തികൾ ചെയ്യിക്കുന്നത്. |
| (സി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിസ്റ്റ് ചെയ്തിട്ടുള്ള കോൺട്രാക്ടർമാരുടെ ലിസ്റ്റ് ലഭ്യമാക്കാമോ ; | (സി) അനുബന്ധം ബി യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) വകുപ്പ് നേരിട്ട് ടെണ്ടർ നടപടിക്രമങ്ങളിലൂടെ കോൺട്രാക്ടർമാരെ കണ്ടെത്തി നിർമ്മാണം നടത്തിക്കുന്നതിന് പകരം കോർപ്പറേഷൻ വഴി നിർമ്മാണം നടത്തുന്നതുമൂലം സർക്കാരിനുണ്ടാകുന്നത് നഷ്ടമാണോ ; ലാഭമാണോ ; നേട്ടവും കോട്ടവും സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ? | (ഡി) പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളിൽ ലഭിക്കുന്ന ഏറ്റവും താഴ്ന്ന നിരക്കിനേക്കാൾ 10% അധിക തുകയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷന് പ്രവൃത്തികൾ അനുവദിക്കുന്നതിന് സർക്കാർ 07.08.97-ലെ ജി.ഒ.(എം.എസ്) 81/97/PW&T പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അർദ്ധ സർക്കാർ സ്ഥാപനമായതു കൊണ്ട് ലാഭ നഷ്ടങ്ങൾ കണക്കിലെടുക്കാറില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**